# Athmaraksha.org

നൊവേന

## കുരുക്കുകൾ അഴിക്കുന്ന പരി.കന്യകാമറിയത്തോടുള്ള നൊവേന



### കുരുക്കുകൾ അഴിക്കുന്ന പരിശുദ്ധ കന്യകാമറിയത്തോടുള്ള നൊവേന

പിതാവിന്റെയും പുത്രന്റെയും പരിശുദ്ധാത്മാവിന്റെയും നാമത്തിൽ ആമ്മേൻ (കുരിശു വരക്കുക)

മനസ്താപപ്രകരണം

എന്റെ ദൈവമേ, ഏറ്റവും നല്ലവനും എല്ലാറ്റിനും ഉപരിയായി സ്നേഹിക്കപ്പെടുവാൻ യോഗ്യനുമായ അങ്ങേയ്ക്കെതിരായി പാപം ചെയ്തുപോയതിനാൽ പൂർണ്ണഹൃദയത്തോടെ ഞാൻ മനസ്തപിക്കുകയും പാപങ്ങളെ വെറുക്കുകയും ചെയ്യുന്നു. അങ്ങയെ ഞാൻ സ്നേഹിക്കുന്നു. എന്റെ പാപത്താൽ എന്റെ ആത്മാവിനെ അശുദ്ധമാക്കിയതിനാലും സ്വർഗ്ഗത്തെ നഷ്ടപ്പെടുത്തി നരകത്തിന് അർഹനായി (അർഹയായി) തീർന്നതിനാലും ഞാൻ ഖേദിക്കുന്നു. അങ്ങയുടെ പ്രസാദവര സഹായത്താൽ പാപ സാഹചര്യങ്ങളെ ഉപേക്ഷിക്കുമെന്നും മേലിൽ പാപം ചെയ്യുകയില്ലെന്നും ദൃഢമായി ഞാൻ പ്രതിജ്ഞ ചെയ്യുന്നു. ഏതെങ്കിലുമൊരു പാപം ചെയ്യുക എന്നതിനേക്കാൾ മരിക്കുവാനും ഞാൻ സന്നദ്ധനാ (സന്നദ്ധയാ)യിരിക്കുന്നു ആമ്മേൻ.

രാഷ്ട്രങ്ങളുടേയും, മനുഷ്യരാശിയുടെയും, പ്രത്യേത നമ്മുടെ കുടുംബ ജീവിതങ്ങളിലുണ്ടാകുന്ന കുരുക്കുകളെ അഴിച്ചുകളയുന്ന പരിശുദ്ധ കന്യാമറിയമേ, ഈ നൊവേന താഴെപ്പറയുന്ന നിയോഗങ്ങൾക്കുവേണ്ടി (നിയോഗം പറയുക) സമർപ്പിക്കുന്നു.

### ഒന്നാം ദിവസം

അവൾ ഒരു പുത്രനെ പ്രസവിക്കും, നീ അവന് യേശു എന്ന് പേരിടണം, എന്തെന്നാൽ അവൻ തന്റെ ജനത്തെ അവരുടെ പാപങ്ങളിൽനിന്നും മോചിപ്പിക്കും. (മത്തായി 1, 21)

നമുക്ക് ധ്യാനിക്കാം

നമ്മുടെ കർത്താവായ ഈശോമിശിഹ മാംസരക്തങ്ങൾ സ്വീകരിച്ച് ജന്മമെടുത്തത് പരിശുദ്ധാത്മാവിന്റെ മണവാട്ടിയായ പരിശുദ്ധ കന്യാകാമറിയത്തിൽ നിന്നാണ്. യേശു തന്റെ മരണത്താൽ സംസാരശേഷിയില്ലാത്തവരുടെ നാവിന്റെ കെട്ടുകളെ അഴിച്ച് സംസാരശേഷി നൽകുകയും, തളർവാതരോഗികളുടെ തടസ്സങ്ങൾ മാറ്റിക്കൊടുക്കുകയും, പീഡിതരുടെ നുകങ്ങൾ എടുത്തുമാറ്റുകയും, പാപികൾക്ക് സ്വാതന്ത്ര്യം നൽകുകയും ചെയ്തു.

ഏറ്റവും വലിയ കുരുക്കുകൾ അഴിക്കുന്നവനായ ഈശോ തന്റെ മരണവും ഉത്ഥാനവും വഴി മനുഷ്യരാശിയുടെ പാപത്തിന്റെ കുരുക്കുകൾ അഴിച്ചുകളഞ്ഞു. അതിനാൽ തന്റെ ആദ്യ ശിഷ്യയും, സഹരക്ഷകയുമായ പരിശുദ്ധ അമ്മ നമുക്കുണ്ടാകുന്ന കുരുക്കളെ അഴിച്ചുകളയുകതന്നെ ചെയ്യും. (1 സ്വർഗ്ഗ..., 10 നന്മനിറഞ്ഞ..., 1 ത്രിത്വസ്തുതി ചൊല്ലുക.

കുരുക്കുകൾ അഴിക്കുന്ന പരിശുദ്ധ കന്യകാമറിയത്തോടുള്ള പ്രാർത്ഥന
ദൈവീകസാന്നിദ്ധ്യം പൂർണ്ണമായും നിറഞ്ഞു നിൽക്കുന്ന പരിശുദ്ധ കന്യകാമറിയമേ, അമ്മയുടെ ജീവിതകാലം മുഴുവൻ അമ്മ വളരെയധികം എളിമയോടുകൂടി പിതാവായ ദൈവത്തിന്റെ ഹിതവും അങ്ങയുടെ പുത്രനും ഞങ്ങളുടെ നാഥനുമായ കർത്താവ് ഈശോമിശിഹായുടെ മാതൃത്വവും സ്വീകരിച്ചുവല്ലോ. തിന്മയൊരിക്കലും ആശയക്കുഴപ്പത്താൽ അങ്ങയെ കുടുക്കുവാനോ, അകപ്പെടുത്തുവാനോ ധൈര്യപ്പെട്ടിട്ടില്ല. കാനായിലെ കല്ല്യാണ വിരുന്നിൽ അങ്ങ് മാദ്ധ്യസ്ഥ്യം വഹിച്ചതുപോലെ ഞങ്ങളുടെ ബുദ്ധിമുട്ടുകളിലും, ക്ളേശങ്ങളിലും അങ്ങ് മാദ്ധ്യസ്ഥ്യം വഹിച്ചിട്ടുണ്ട്. സങ്കീർണ്ണമായ ഞങ്ങളുടെ ജീവിതത്തിൽ ഉണ്ടാകുന്ന കുരുക്കുകൾ ലാളിത്യത്തോടും ക്ഷമയോടും കൂടി അഴിച്ചുമാറ്റുവാനുള്ള മാതൃക അമ്മ ഞങ്ങൾക്ക് കാണിച്ചുതന്നിട്ടുമുണ്ട്. നിത്യവും ഞങ്ങളുടെ അമ്മയായിരുന്നുകൊണ്ട് ദൈവവുമായി ഒന്നുചേരുവാനുള്ള പാത ഞങ്ങൾക്ക് വ്യക്തമാക്കി ഒരുക്കിത്തരുകയും ചെയ്യുന്നത് അമ്മ തന്നെയാണ്. പരിശുദ്ധ അമ്മേ, ഞങ്ങളുടെ അമ്മയായ ദൈവമാതാവേ, അമ്മയുടെ മാതൃഹൃദയത്താൽ ഞങ്ങളെ ബുദ്ധിമുട്ടിക്കുന്ന ജീവിതക്കുരുക്കുകളെ അഴിച്ചു മാറ്റേണമെ. ഞങ്ങളുടെ ഈ അപേക്ഷ (ആവശ്യം പറയുക) അമ്മയുടെ തൃക്കരങ്ങളിൽ സ്വീകരിച്ച് ഞങ്ങളെ നിയന്ത്രിച്ചു കൊണ്ടിരിക്കുന്ന ആശയക്കുഴപ്പങ്ങളെ ബന്ധനത്തിൽനിന്ന് വിടുതൽ വാങ്ങിത്തരേണമെ. അനുഗ്രഹീതയായ അമ്മേ, അമ്മയുടെ കൃപയാലും മാതൃകയാലും മാദ്ധ്യസ്ഥത്താലും തിന്മയിൽനിന്ന് വിടുതലും, ദൈവവുമായി ഒന്നുചേരുന്നതിൽ നിന്ന് ഞങ്ങളെ അകറ്റുന്ന കുരുക്കുകൾ അഴിച്ചുകളയുകയും ചെയ്യേണമെ. അപ്രകാരം തെറ്റുകളിൽ നിന്നും ആശയക്കുഴപ്പങ്ങഴിൽ നിന്നും ഞങ്ങൾ സ്വതന്ത്രരാവുകയും എല്ലാക്കാര്യങ്ങളിലും ദൈവത്തെ ദർശിക്കുവാനും ഹൃദയത്തിൽ സൂക്ഷിക്കുവാനും ഞങ്ങളുടെ സഹോദരരിലൂടെ അങ്ങയെ ശുശ്രൂഷിക്കുവാനും ഇടയാകണമെ. ദൈവമാതാവേ, ഞങ്ങളുടെ ഉപദേഷ്ടാവായിരുന്ന് അമ്മ ഞങ്ങൾക്കുവേണ്ടി പ്രാർത്ഥിക്കേണമെ. ആമ്മേൻ.

പരിശുദ്ധ അമ്മേ, ഞങ്ങൾക്കുവേണ്ടി അപേക്ഷിക്കേണമെ എന്ന് മൂന്നു പ്രാവശ്യം ഏറ്റുപറയുക.

## രണ്ടാം ദിവസം

ദൂതൻ മറുപടി പറഞ്ഞു. പരിശുദ്ധാത്മാവ് നിന്റെ മേൽ വരും. അത്യുന്നതന്റെ ശക്തി നിന്റെ മേൽ ആവസിക്കും. ആകയാൽ ജനിക്കുവാൻ പോകുന്ന ശിശു പരിശുദ്ധൻ, ദൈവപുത്രൻ എന്ന് വിളിക്കപ്പെടും. (ലൂക്കാ 1/35)

നമുക്ക് ധ്യാനിക്കാം
ത്രിത്വത്തിലെ മൂന്നാമനായ പരിശുദ്ധാത്മാവ് കൃപനിറഞ്ഞവളായ പരിശുദ്ധകന്യകാമറിയത്തിന്റെ ഉദരത്തിൽ നിറഞ്ഞതുവഴിയായി അത്യുന്നതന്റെ ശക്തി അവളുടെമേൽ ആവസിക്കുകയും, ദൈവം രക്ഷകനായി ജന്മമെടുക്കുകയും ചെയ്തു. അതിനാൽ പരിശുദ്ധ കന്യാകാമറിയം അനുഗ്രഹിക്കപ്പെട്ടവളും വിശുദ്ധയുമാണ്. അവളിലാണ് ദൈവപുത്രൻ അധിവസിച്ചത്. ചുറ്റപിണഞ്ഞു കിടക്കുന്ന അഭിപ്രായവ്യത്യാസങ്ങൾ മാനസിക സംഘട്ടനങ്ങൾ മുതലായവയൊക്കെ തകർത്തുകളയുന്നതിൽ പരിശുദ്ധ അമ്മയല്ലാതെ വേറെയാരാണ് നമുക്കുള്ളത്. (1 സ്വർഗ്ഗ..., 10 നന്മനിറഞ്ഞ..., 1 ത്രിത്വസ്തുതി ചൊല്ലുക.

കുരുക്കുകൾ അഴിക്കുന്ന പരിശുദ്ധ കന്യകാമറിയത്തോടുള്ള പ്രാർത്ഥന
ദൈവീകസാന്നിദ്ധ്യം പൂർണ്ണമായും നിറഞ്ഞു നിൽക്കുന്ന പരിശുദ്ധ കന്യകാമറിയമേ, അമ്മയുടെ ജീവിതകാലം മുഴുവൻ അമ്മ വളരെയധികം എളിമയോടുകൂടി പിതാവായ ദൈവത്തിന്റെ ഹിതവും അങ്ങയുടെ പുത്രനും ഞങ്ങളുടെ നാഥനുമായ കർത്താവ് ഈശോമിശിഹായുടെ മാതൃത്വവും സ്വീകരിച്ചുവല്ലോ. തിന്മയൊരിക്കലും ആശയക്കുഴപ്പത്താൽ

അങ്ങയെ കുടുക്കുവാനോ, അകപ്പെടുത്തുവാനോ ധൈര്യപ്പെട്ടിട്ടില്ല. കാനായിലെ കല്ല്യാണ വിരുന്നിൽ അങ്ങ് മാദ്ധ്യസ്ഥ്യം വഹിച്ചതുപോലെ ഞങ്ങളുടെ ബുദ്ധിമുട്ടുകളിലും, ക്ളേശങ്ങളിലും അങ്ങ് മാദ്ധ്യസ്ഥ്യം വഹിച്ചിട്ടുണ്ട്. സങ്കീർണ്ണമായ ഞങ്ങളുടെ ജീവിതത്തിൽ ഉണ്ടാകുന്ന കുരുക്കുകൾ ലാളിത്യത്തോടും ക്ഷമയോടും കൂടി അഴിച്ചുമാറ്റുവാനുള്ള മാതൃക അമ്മ ഞങ്ങൾക്ക് കാണിച്ചുതന്നിട്ടുമുണ്ട്. നിത്യവും ഞങ്ങളുടെ അമ്മയായിരുന്നുകൊണ്ട് ദൈവവുമായി ഒന്നുചേരുവാനുള്ള പാത ഞങ്ങൾക്ക് വ്യക്തമാക്കി ഒരുക്കിത്തരുകയും ചെയ്യുന്നത് അമ്മ തന്നെയാണ്. പരിശുദ്ധ അമ്മേ, ഞങ്ങളുടെ അമ്മയായ ദൈവമാതാവേ, അമ്മയുടെ മാതൃഹൃദയത്താൽ ഞങ്ങളെ ബുദ്ധിമുട്ടിക്കുന്ന ജീവിതക്കുരുക്കുകളെ അഴിച്ചു മാറ്റേണമെ. ഞങ്ങളുടെ ഈ അപേക്ഷ (ആവശ്യം പറയുക) അമ്മയുടെ തൃക്കരങ്ങളിൽ സ്വീകരിച്ച് ഞങ്ങളെ നിയന്ത്രിച്ചു കൊണ്ടിരിക്കുന്ന ആശയക്കുഴപ്പങ്ങളെ ബന്ധനത്തിൽനിന്ന് വിടുതൽ വാങ്ങിത്തരേണമെ. അനുഗ്രഹീതയായ അമ്മേ, അമ്മയുടെ കൃപയാലും മാതൃകയാലും മാദ്ധ്യസ്ഥത്താലും തിന്മയിൽനിന്ന് വിടുതലും, ദൈവവുമായി ഒന്നുചേരുന്നതിൽ നിന്ന് ഞങ്ങളെ അകറ്റുന്ന കുരുക്കുകൾ അഴിച്ചുകളയുകയും ചെയ്യേണമെ. അപ്രകാരം തെറ്റുകളിൽ നിന്നും ആശയക്കുഴപ്പങ്ങളിൽ നിന്നും ഞങ്ങൾ സ്വതന്ത്രരാവുകയും എല്ലാക്കാര്യങ്ങളിലും ദൈവത്തെ ദർശിക്കുവാനും ഹൃദയത്തിൽ സൂക്ഷിക്കുവാനും ഞങ്ങളുടെ സഹോദരരിലൂടെ അങ്ങയെ ശുശ്രൂഷിക്കുവാനും ഇടയാകണമെ. ദൈവമാതാവേ, ഞങ്ങളുടെ ഉപദേഷ്ടാവായിരുന്ന് അമ്മ ഞങ്ങൾക്കുവേണ്ടി പ്രാർത്ഥിക്കേണമെ. ആമ്മേൻ.

സദുപദേശത്തിന്റെ മാതാവേ, ഞങ്ങൾക്കുവേണ്ടി അപേക്ഷിക്കേണമെ (മൂന്നുപ്രാവശ്യം പറയുക).

## മൂന്നാം ദിവസം

മറിയം പറഞ്ഞു, ഇതാ കർത്താവിന്റെ ദാസി, നിന്റെ വാക്ക് എന്നിൽ നിറവേറട്ടെ! അപ്പോൾ ദൂതൻ അവളുടെ മുമ്പിൽ നിന്നു മറഞ്ഞു. (ലൂക്കാ 1/38)

### നമുക്ക് ധ്യാനിക്കാം

പരിശുദ്ധ അമ്മ വളരെ വിനയത്തോടുകൂടി ദൈവത്തിന്റെ പദ്ധതികളെ അംഗീകരിച്ചുവെങ്കിലും ചില സംശയങ്ങൾ അവളുടെ ഉള്ളിലുണ്ടായിരുന്നു. 'ഇതെങ്ങനെ സാധിക്കും. ഞാൻ പുരുഷനെ അറിയുന്നില്ലല്ലോ.' എന്ന വചനത്തിൽ നിന്നും ഇത് വ്യക്തമാണ്. എങ്കിലും അവൾ ദൈവവചനത്തിൽ വിശ്വസിച്ചു. നാം ദൈവത്തിൽനിന്നും, അവിടുത്തെ വചനത്തിൽ നിന്നും അകന്നപ്പോൾ നമ്മിൽ വളരെയധികം സംശയങ്ങൾ ഉടലെടുക്കുകയും, തെറ്റുകളും ഉപയോഗശൂന്യങ്ങളുമായ ചിലന്തിവലകൾ നെയ്യുകയും ചെയ്തു. നമുക്ക് നമ്മുടെ ദു:ഖങ്ങളെയും വ്യാകുലതകളെയും സദുപദേശത്തിന്റെ മാതാവായ മറിയത്തെ ഭരമേൽപ്പിക്കാം. (1 സ്വർഗ്ഗ..., 10 നന്മനിറഞ്ഞ..., 1 ത്രിത്വസ്തുതി ചൊല്ലുക.

### കുരുക്കുകൾ അഴിക്കുന്ന പരിശുദ്ധ കന്യകാമറിയത്തോടുള്ള പ്രാർത്ഥന

ദൈവീകസാന്നിദ്ധ്യം പൂർണ്ണമായും നിറഞ്ഞു നിൽക്കുന്ന പരിശുദ്ധ കന്യകാമറിയമേ, അമ്മയുടെ ജീവിതകാലം മുഴുവൻ അമ്മ വളരെയധികം എളിമയോടുകൂടി പിതാവായ ദൈവത്തിന്റെ ഹിതവും അങ്ങയുടെ പുത്രനും ഞങ്ങളുടെ നാഥനുമായ കർത്താവ് ഈശോമിശിഹായുടെ മാതൃത്വവും സ്വീകരിച്ചുവല്ലോ. തിന്മയൊരിക്കലും ആശയക്കുഴപ്പത്താൽ അങ്ങയെ കുടുക്കുവാനോ, അകപ്പെടുത്തുവാനോ ധൈര്യപ്പെട്ടിട്ടില്ല. കാനായിലെ കല്ല്യാണ വിരുന്നിൽ അങ്ങ് മാദ്ധ്യസ്ഥ്യം വഹിച്ചതുപോലെ ഞങ്ങളുടെ ബുദ്ധിമുട്ടുകളിലും, ക്ളേശങ്ങളിലും അങ്ങ് മാദ്ധ്യസ്ഥ്യം വഹിച്ചിട്ടുണ്ട്. സങ്കീർണ്ണമായ ഞങ്ങളുടെ ജീവിതത്തിൽ ഉണ്ടാകുന്ന കുരുക്കുകൾ ലാളിത്യത്തോടും ക്ഷമയോടും കൂടി അഴിച്ചുമാറ്റുവാനുള്ള മാതൃക അമ്മ ഞങ്ങൾക്ക് കാണിച്ചുതന്നിട്ടുമുണ്ട്. നിത്യവും ഞങ്ങളുടെ അമ്മയായിരുന്നുകൊണ്ട് ദൈവവുമായി ഒന്നുചേരുവാനുള്ള പാത ഞങ്ങൾക്ക് വ്യക്തമാക്കി ഒരുക്കിത്തരുകയും ചെയ്യുന്നത് അമ്മ തന്നെയാണ്. പരിശുദ്ധ അമ്മേ, ഞങ്ങളുടെ അമ്മയായ ദൈവമാതാവേ, അമ്മയുടെ മാതൃഹൃദയത്താൽ ഞങ്ങളെ ബുദ്ധിമുട്ടിക്കുന്ന ജീവിതക്കുരുക്കുകളെ അഴിച്ചു മാറ്റേണമെ. ഞങ്ങളുടെ ഈ അപേക്ഷ (ആവശ്യം പറയുക) അമ്മയുടെ തൃക്കരങ്ങളിൽ സ്വീകരിച്ച് ഞങ്ങളെ നിയന്ത്രിച്ചു കൊണ്ടിരിക്കുന്ന ആശയക്കുഴപ്പങ്ങളെ ബന്ധനത്തിൽനിന്ന് വിടുതൽ

വാങ്ങിത്തരേണമെ. അനുഗ്രഹീതയായ അമ്മേ, അമ്മയുടെ കൃപയാലും മാതൃകയാലും മാദ്ധ്യസ്ഥത്താലും തിന്മയിൽനിന്ന് വിടുതലും, ദൈവവുമായി ഒന്നുചേരുന്നതിൽ നിന്ന് ഞങ്ങളെ അകറ്റുന്ന കുരുക്കുകൾ അഴിച്ചുകളയുകയും ചെയ്യേണമെ. അപ്രകാരം തെറ്റുകളിൽ നിന്നും ആശയക്കുഴപ്പങ്ങളിൽ നിന്നും ഞങ്ങൾ സ്വതന്ത്രരാവുകയും എല്ലാക്കാര്യങ്ങളിലും ദൈവത്തെ ദർശിക്കുവാനും ഹൃദയത്തിൽ സൂക്ഷിക്കുവാനും ഞങ്ങളുടെ സഹോദരരിലൂടെ അങ്ങയെ ശുശ്രൂഷിക്കുവാനും ഇടയാകണമെ. ദൈവമാതാവേ, ഞങ്ങളുടെ ഉപദേഷ്ടാവായിരുന്ന് അമ്മ ഞങ്ങൾക്കുവേണ്ടി പ്രാർത്ഥിക്കേണമെ. ആമ്മേൻ.

ദൈവവര പ്രസാദിത്തിന്റെ അമ്മേ, ഞങ്ങൾക്കുവേണ്ടി അപേക്ഷിക്കേണമെ (മൂന്നുപ്രാവശ്യം പറയുക).

## നാലാം ദിവസം

ദൂതൻ അവരെവിട്ട് സ്വർഗ്ഗത്തിലേക്ക് പോയപ്പോൾ ആട്ടിടയൻമാർ പരസ്പരം പറഞ്ഞു. നമുക്ക് ബേത്‌ലഹേം വരെ പോകാം. കർത്താവ് നമ്മെ അറിയിച്ച ഈ സംഭവം നമുക്ക് കാണാം. അവർ അതിവേഗത്തിൽ പോയി. മറിയത്തേയും ജോസഫിനേയും പുൽത്തൊട്ടിയിൽ കിടക്കുന്ന ശിശുവിനേയും കണ്ടു. അനന്തരം ശിശുവിനെക്കുറിച്ച് തങ്ങളോട് പറയപ്പെട്ട കാര്യങ്ങൾ മറ്റുള്ളവരെ അവർ അറിയിച്ചു. അതുകേട്ടവരെല്ലാം ഇടയന്മാർ തങ്ങളോട് പറഞ്ഞ സംഗതികളെക്കുറിച്ച് അത്ഭുതപ്പെട്ടു. മറിയമാകട്ടെ ഇവയെല്ലാം ഹൃദയത്തിൽ സംഗ്രഹിച്ച് ഗാഢമായി ചിന്തിച്ചുകൊണ്ടിരുന്നു. (ലൂക്കാ 2/1519).

### നമുക്ക് ധ്യാനിക്കാം

അവർ ബേത്‌ലേഹേമിൽ പോയി വചനം മാംസമായ ദിവ്യശിശുവിനെക്കണ്ടു. അവൻ തന്നെയായിരുന്നു യഥാർത്ഥ സത്യം. മരുഭൂമിയിലൂടെയുള്ള നമ്മുടെ ജീവിതയാത്രയിൽ മുഖ്യദൂതനായ റാഫേൽ മാലാഖ നമ്മെ നയിക്കട്ടെ. അതുവഴി ഈശോയിലേക്കും നാം എത്തിച്ചേരട്ടെ. അങ്ങനെ നമ്മെ ബന്ധനസ്ഥരാക്കുന്ന കുരുക്കുകൾ സാവധാനം അഴിയപ്പെടും. വചനം പറയുന്നു. 'സത്യം നിങ്ങളെ സ്വതന്ത്രരാക്കും.' അതുകൊണ്ട് ആത്മധൈര്യത്തോടുകൂടി നമ്മുടെ വിമോചനത്തിനുവേണ്ടി നമുക്ക് യാത്ര തുടരാം.
(1 സ്വർഗ്ഗ...., 10 നന്മനിറഞ്ഞ...., 1 ത്രിത്വസ്തുതി ചൊല്ലുക.

### കുരുക്കുകൾ അഴിക്കുന്ന പരിശുദ്ധ കന്യകാമറിയത്തോടുള്ള പ്രാർത്ഥന

ദൈവീകസാന്നിദ്ധ്യം പൂർണ്ണമായും നിറഞ്ഞു നിൽക്കുന്ന പരിശുദ്ധ കന്യകാമറിയമേ, അമ്മയുടെ ജീവിതകാലം മുഴുവൻ അമ്മ വളരെയധികം എളിമയോടുകൂടി പിതാവായ ദൈവത്തിന്റെ ഹിതവും അങ്ങയുടെ പുത്രനും ഞങ്ങളുടെ നാഥനുമായ കർത്താവ് ഈശോമിശിഹായുടെ മാതൃത്വവും സ്വീകരിച്ചുവല്ലോ. തിന്മയൊരിക്കലും ആശയക്കുഴപ്പത്താൽ അങ്ങയെ കുടുക്കുവാനോ, അകപ്പെടുത്തുവാനോ ധൈര്യപ്പെട്ടിട്ടില്ല. കാനായിലെ കല്ല്യാണ വിരുന്നിൽ അങ്ങ് മാദ്ധ്യസ്ഥ്യം വഹിച്ചതുപോലെ ഞങ്ങളുടെ ബുദ്ധിമുട്ടുകളിലും, ക്ളേശങ്ങളിലും അങ്ങ് മാദ്ധ്യസ്ഥ്യം വഹിച്ചിട്ടുണ്ട്. സങ്കീർണ്ണമായ ഞങ്ങളുടെ ജീവിതത്തിൽ ഉണ്ടാകുന്ന കുരുക്കുകൾ ലാളിത്യത്തോടും ക്ഷമയോടും കൂടി അഴിച്ചുമാറ്റുവാനുള്ള മാതൃക അമ്മ ഞങ്ങൾക്ക് കാണിച്ചുതന്നിട്ടുമുണ്ട്. നിത്യവും ഞങ്ങളുടെ അമ്മയായിരുന്നുകൊണ്ട് ദൈവവുമായി ഒന്നുചേരുവാനുള്ള പാത ഞങ്ങൾക്ക് വ്യക്തമാക്കി ഒരുക്കിത്തരുകയും ചെയ്യുന്നത് അമ്മ തന്നെയാണ്. പരിശുദ്ധ അമ്മേ, ഞങ്ങളുടെ അമ്മയായ ദൈവമാതാവേ, അമ്മയുടെ മാതൃഹൃദയത്താൽ ഞങ്ങളെ ബുദ്ധിമുട്ടിക്കുന്ന ജീവിതക്കുരുക്കുകളെ അഴിച്ച് മാറ്റേണമെ. ഞങ്ങളുടെ ഈ അപേക്ഷ (ആവശ്യം പറയുക) അമ്മയുടെ തൃക്കരങ്ങളിൽ സ്വീകരിച്ച് ഞങ്ങളെ നിയന്ത്രിച്ചു കൊണ്ടിരിക്കുന്ന ആശയക്കുഴപ്പങ്ങളെ ബന്ധനത്തിൽനിന്ന് വിടുതൽ വാങ്ങിത്തരേണമെ. അനുഗ്രഹീതയായ അമ്മേ, അമ്മയുടെ കൃപയാലും മാതൃകയാലും മാദ്ധ്യസ്ഥത്താലും തിന്മയിൽനിന്ന് വിടുതലും, ദൈവവുമായി ഒന്നുചേരുന്നതിൽ നിന്ന് ഞങ്ങളെ അകറ്റുന്ന കുരുക്കുകൾ അഴിച്ചുകളയുകയും ചെയ്യേണമെ. അപ്രകാരം തെറ്റുകളിൽ നിന്നും ആശയക്കുഴപ്പങ്ങളിൽ നിന്നും ഞങ്ങൾ സ്വതന്ത്രരാവുകയും എല്ലാക്കാര്യങ്ങളിലും ദൈവത്തെ ദർശിക്കുവാനും ഹൃദയത്തിൽ സൂക്ഷിക്കുവാനും ഞങ്ങളുടെ സഹോദരരിലൂടെ അങ്ങയെ ശുശ്രൂഷിക്കുവാനും ഇടയാകണമെ. ദൈവമാതാവേ, ഞങ്ങളുടെ

ഉപദേഷ്ടാവായിരുന്ന് അമ്മ ഞങ്ങൾക്കുവേണ്ടി പ്രാർത്ഥിക്കേണമെ. ആമ്മേൻ.

ക്രിസ്ത്യാനികളുടെ സഹായമായ അമ്മേ, ഞങ്ങൾക്കുവേണ്ടി അപേക്ഷിക്കേണമെ (മൂന്നുപ്രാവശ്യം പറയുക)

അഞ്ചാം ദിവസം

ചോദിക്കുവിൻ, നിങ്ങൾക്കു ലഭിക്കും; അന്വേഷിക്കുവിൻ, നിങ്ങൾ കണ്ടെത്തും;മുട്ടുവിൻ, നിങ്ങൾക്കു തുറന്നുകിട്ടും. ചോദിക്കുന്ന ഏവനും ലഭിക്കുന്നു; അന്വേഷിക്കുന്നവൻ കണ്ടെത്തുന്നു; മുട്ടുന്നവന് തുറന്നുകിട്ടുകയുമ ചെയ്യുന്നു.' (മത്തായി 7/78)

നമുക്ക് ധ്യാനിക്കാം

സ്വർഗ്ഗത്തിന്റെ വാതിൽ നമുക്കായി തുറന്നിട്ടിരിക്കുന്നതുപോലെ പരിശുദ്ധ അമ്മയുടെ ഹൃദയവാതിൽ നമുക്കായി തുറന്നിട്ടിരിക്കുന്നു. സഹായത്തിനായി അമ്മയോട് അപേക്ഷിച്ചാൽ വേദന സഹിക്കുന്ന നമ്മുടെ ആത്മാവിന്റെ മുമ്പിൽ ആ മാതൃകരങ്ങൾ തുറക്കപ്പെടും. അവളിലൂടെ നമ്മുടെ പ്രശ്നങ്ങൾക്ക് പരിഹാരം കണ്ടെത്തുവാൻ കഴിയും. നമ്മുടെ വേദനിക്കുന്ന മനസ്സിൽ അവൾ പരിമളലേപനൗഷധം പുരട്ടുകയും സംശയങ്ങൾക്ക് മറുപടി നൽകുകയും ചെയ്യും. ഞങ്ങളുടെ സഹായിയായ പരിശുദ്ധ അമ്മേ ഞങ്ങൾക്കുവേണ്ടി അപേക്ഷിക്കേണമെ. (1 സ്വർഗ്ഗ...., 10 നന്മനിറഞ്ഞ...., 1 ത്രിത്വസ്തുതി ചൊല്ലുക.

കുരുക്കുകൾ അഴിക്കുന്ന പരിശുദ്ധ കന്യകാമറിയത്തോടുള്ള പ്രാർത്ഥന

ദൈവീകസാന്നിദ്ധ്യം പൂർണ്ണമായും നിറഞ്ഞു നിൽക്കുന്ന പരിശുദ്ധ കന്യകാമറിയമേ, അമ്മയുടെ ജീവിതകാലം മുഴുവൻ അമ്മ വളരെയധികം എളിമയോടുകൂടി പിതാവായ ദൈവത്തിന്റെ ഹിതവും അങ്ങയുടെ പുത്രനും ഞങ്ങളുടെ നാഥനുമായ കർത്താവ് ഈശോമിശിഹായുടെ മാതൃത്വവും സ്വീകരിച്ചുവല്ലോ. തിന്മയൊരിക്കലും ആശയക്കുഴപ്പത്താൽ അങ്ങയെ കുടുക്കുവാനോ, അകപ്പെടുത്തുവാനോ ധൈര്യപ്പെട്ടിട്ടില്ല. കാനായിലെ കല്ല്യാണ വിരുന്നിൽ അങ്ങ് മാദ്ധ്യസ്ഥ്യം വഹിച്ചതുപോലെ ഞങ്ങളുടെ ബുദ്ധിമുട്ടുകളിലും, ക്ളേശങ്ങളിലും അങ്ങ് മാദ്ധ്യസ്ഥ്യം വഹിച്ചിട്ടുണ്ട്. സങ്കീർണ്ണമായ ഞങ്ങളുടെ ജീവിതത്തിൽ ഉണ്ടാകുന്ന കുരുക്കുകൾ ലാളിത്യത്തോടും ക്ഷമയോടും കൂടി അഴിച്ചുമാറ്റുവാനുള്ള മാതൃക അമ്മ ഞങ്ങൾക്ക് കാണിച്ചുതന്നിട്ടുമുണ്ട്. നിത്യവും ഞങ്ങളുടെ അമ്മയായിരുന്നുകൊണ്ട് ദൈവവുമായി ഒന്നുചേരുവാനുള്ള പാത ഞങ്ങൾക്ക് വ്യക്തമാക്കി ഒരുക്കിത്തരുകയും ചെയ്യുന്നത് അമ്മ തന്നെയാണ്. പരിശുദ്ധ അമ്മേ, ഞങ്ങളുടെ അമ്മയായ ദൈവമാതാവേ, അമ്മയുടെ മാതൃഹൃദയത്താൽ ഞങ്ങളെ ബുദ്ധിമുട്ടിക്കുന്ന ജീവിതക്കുരുക്കുകളെ അഴിച്ച് മാറ്റേണമെ. ഞങ്ങളുടെ ഈ അപേക്ഷ (ആവശ്യം പറയുക) അമ്മയുടെ തൃക്കരങ്ങളിൽ സ്വീകരിച്ച് ഞങ്ങളെ നിയന്ത്രിച്ചു കൊണ്ടിരിക്കുന്ന ആശയക്കുഴപ്പങ്ങളെ ബന്ധനത്തിൽനിന്ന് വിടുതൽ വാങ്ങിത്തരേണമെ. അനുഗ്രഹീതയായ അമ്മേ, അമ്മയുടെ കൃപയാലും മാതൃകയാലും മാദ്ധ്യസ്ഥത്താലും തിന്മയിൽനിന്ന് വിടുതലും, ദൈവവുമായി ഒന്നുചേരുന്നതിൽ നിന്ന് ഞങ്ങളെ അകറ്റുന്ന കുരുക്കുകൾ അഴിച്ചുകളയുകയും ചെയ്യേണമെ. അപ്രകാരം തെറ്റുകളിൽ നിന്നും ആശയക്കുഴപ്പങ്ങഴിൽ നിന്നും ഞങ്ങൾ സ്വതന്ത്രരാവുകയും എല്ലാക്കാര്യങ്ങളിലും ദൈവത്തെ ദർശിക്കുവാനും ഹൃദയത്തിൽ സൂക്ഷിക്കുവാനും ഞങ്ങളുടെ സഹോദരരിലൂടെ അങ്ങയെ ശുശ്രൂഷിക്കുവാനും ഇടയാകണമെ. ദൈവമാതാവേ, ഞങ്ങളുടെ ഉപദേഷ്ടാവായിരുന്ന് അമ്മ ഞങ്ങൾക്കുവേണ്ടി പ്രാർത്ഥിക്കേണമെ. ആമ്മേൻ.

ആകാശമോക്ഷത്തിന്റെ വാതിലേ, പീഢിതരുടെ ആശ്വാസമേ, ഞങ്ങൾക്കുവേണ്ടി അപേക്ഷിക്കേണമെ (മൂന്നുപ്രാവശ്യം പറയുക).

ആറാം ദിവസം

യേശു അവളോടു പറഞ്ഞു, സ്ത്രീയെ, എനിക്കും നിനക്കും എന്ത്? എന്റെ സമയം ഇനിയും ആയിട്ടില്ല. അവന്റെ അമ്മ പരിചാരകരോട് പറഞ്ഞു. അവൻ നിങ്ങളോട് പറയുന്നത് ചെയ്യുവിൻ'. (യോഹന്നാൻ 2/4-5).

നമുക്ക് ധ്യാനിക്കാം

കാനായിലെ വിവാഹവിരുന്നിൽ പരിശുദ്ധ കന്യകാമറിയം അതിഥികൾക്കുവേണ്ടി മാദ്ധ്യസ്ഥം വഹിച്ചുവല്ലോ. ഇതിലൂടെ ദൈവപുത്രന്റെയും, മനുഷ്യരുടെയും ഇടയിലുള്ള തന്റെ മാദ്ധ്യസ്ഥ ദൗത്യങ്ങൾക്ക് അമ്മ ആരംഭം കുറിച്ചു. നമ്മുടെ ഞെരുക്കങ്ങളിലും ക്ളേശങ്ങളിലും പീഢകളിലും തിന്മപ്രവൃത്തികളിലും കർത്താവിന്റെ വിശ്വസ്ഥ ദാസിയായ അമ്മ നമുക്കുവേണ്ടി എളിമയുള്ള മാതൃദാസിയായി നിലകൊള്ളുന്നു. വരപ്രസാദ മാദ്ധ്യസ്ഥയായ പരിശുദ്ധ അമ്മ സങ്കീർണ്ണപ്രശ്നങ്ങളാൽ ഉപയോഗിച്ച് ആ കുരുക്കുകൾ അഴിച്ചു മാറ്റുക തന്നെ ചെയ്യും. (1 സ്വർഗ്ഗ...., 10 നന്മനിറഞ്ഞ...., 1 ത്രിത്വസ്തുതി ചൊല്ലുക.

## കുരുക്കുകൾ അഴിക്കുന്ന പരിശുദ്ധ കന്യകാമറിയത്തോടുള്ള പ്രാർത്ഥന

ദൈവീകസാന്നിദ്ധ്യം പൂർണ്ണമായും നിറഞ്ഞു നിൽക്കുന്ന പരിശുദ്ധ കന്യകാമറിയമേ, അമ്മയുടെ ജീവിതകാലം മുഴുവൻ അമ്മ വളരെയധികം എളിമയോടുകൂടി പിതാവായ ദൈവത്തിന്റെ ഹിതവും അങ്ങയുടെ പുത്രനും ഞങ്ങളുടെ നാഥനുമായ കർത്താവ് ഈശോമിശിഹായുടെ മാതൃത്വവും സ്വീകരിച്ചുവല്ലോ. തിന്മയൊരിക്കലും ആശയക്കുഴപ്പത്താൽ അങ്ങയെ കുടുക്കുവാനോ, അകപ്പെടുത്തുവാനോ ധൈര്യപ്പെട്ടിട്ടില്ല. കാനായിലെ കല്യാണ വിരുന്നിൽ അങ്ങ് മാദ്ധ്യസ്ഥ്യം വഹിച്ചതുപോലെ ഞങ്ങളുടെ ബുദ്ധിമുട്ടുകളിലും, ക്ളേശങ്ങളിലും അങ്ങ് മാദ്ധ്യസ്ഥ്യം വഹിച്ചിട്ടുണ്ട്. സങ്കീർണ്ണമായ ഞങ്ങളുടെ ജീവിതത്തിൽ ഉണ്ടാകുന്ന കുരുക്കുകൾ ലാളിത്യത്തോടും ക്ഷമയോടും കൂടി അഴിച്ചുമാറ്റുവാനുള്ള മാതൃക അമ്മ ഞങ്ങൾക്ക് കാണിച്ചുതന്നിട്ടുമുണ്ട്. നിത്യവും ഞങ്ങളുടെ അമ്മയായിരുന്നുകൊണ്ട് ദൈവവുമായി ഒന്നുചേരുവാനുള്ള പാത ഞങ്ങൾക്ക് വ്യക്തമാക്കി ഒരുക്കിത്തരുകയും ചെയ്യുന്നത് അമ്മ തന്നെയാണ്. പരിശുദ്ധ അമ്മേ, ഞങ്ങളുടെ അമ്മയായ ദൈവമാതാവേ, അമ്മയുടെ മാതൃഹൃദയത്താൽ ഞങ്ങളെ ബുദ്ധിമുട്ടിക്കുന്ന ജീവിതക്കുരുക്കുകളെ അഴിച്ചു മാറ്റേണമെ. ഞങ്ങളുടെ ഈ അപേക്ഷ (ആവശ്യം പറയുക) അമ്മയുടെ തൃക്കരങ്ങളിൽ സ്വീകരിച്ച് ഞങ്ങളെ നിയന്ത്രിച്ചു കൊണ്ടിരിക്കുന്ന ആശയക്കുഴപ്പങ്ങളെ ബന്ധനത്തിൽനിന്ന് വിടുതൽ വാങ്ങിത്തരേണമെ. അനുഗ്രഹീതയായ അമ്മേ, അമ്മയുടെ കൃപയാലും മാതൃകയാലും മാദ്ധ്യസ്ഥത്താലും തിന്മയിൽനിന്ന് വിടുതലും, ദൈവവുമായി ഒന്നുചേരുന്നതിൽ നിന്ന് ഞങ്ങളെ അകറ്റുന്ന കുരുക്കുകൾ അഴിച്ചുകളയുകയും ചെയ്യേണമെ. അപ്രകാരം തെറ്റുകളിൽ നിന്നും ആശയക്കുഴപ്പങ്ങഴിൽ നിന്നും ഞങ്ങൾ സ്വതന്ത്രരാവുകയും എല്ലാക്കാര്യങ്ങളിലും ദൈവത്തെ ദർശിക്കുവാനും ഹൃദയത്തിൽ സൂക്ഷിക്കുവാനും ഞങ്ങളുടെ സഹോദരരിലൂടെ അങ്ങയെ ശുശ്രൂഷിക്കുവാനും ഇടയാകണമെ. ദൈവമാതാവേ, ഞങ്ങളുടെ ഉപദേഷ്ടാവായിരുന്ന് അമ്മ ഞങ്ങൾക്കുവേണ്ടി പ്രാർത്ഥിക്കേണമെ. ആമ്മേൻ.

ദൈവവരപ്രസാദത്തിന്റെ അമ്മേ ഞങ്ങൾക്കുവേണ്ടി അപേക്ഷിക്കേണമെ (മൂന്നുപ്രാവശ്യം പറയുക).

## ഏഴാം ദിവസം

അപ്പോൾ ഏകദേശം ആറാം മണിക്കൂർ ആയിരുന്നു. ഒൻപതാം മണിക്കൂർ വരെ ഭൂമി മുഴുവൻ അന്ധകാരം വ്യാപിച്ചു (ലൂക്കാ 23:44)

### നമുക്ക് ധ്യാനിക്കാം

പിതാവിന്റെ ഹിതം നിറവേറപ്പെടുവാൻ പോവുകയാണ്. താൻ മൂന്നാം നാൾ ഉത്ഥാനം ചെയ്യും എന്ന് അരുളിചെയ്ത കർത്താവായ യേശുക്രിസ്തു നമ്മുടെ രക്ഷയ്ക്കുവേണ്ടി കുരിശിൽ മരിക്കുവാൻ തയ്യാറാവുകയാണ്. അന്ധകാരത്തിൽ നിന്നും നമുക്ക് സ്വാതന്ത്ര്യം നൽകുവാനായി അന്ധകാരത്തിൽ നിന്നും പ്രകാശം നമ്മുടെമേൽ ചൊരിയപ്പെടുന്നു. ഇപ്പോൾ നമ്മുടെ പ്രശ്നങ്ങൾ നല്ല വ്യക്തതയോടുകൂടി നമുക്ക് കാണുവാൻ കഴിയുന്നനു. ലോക പാപങ്ങൾ വഹിക്കുന്ന ദൈവീക കുഞ്ഞാടായ ഈശോയുമായി നാമെത്രമാത്രം അനുരൂപമാക്കപ്പെടുന്നുവോ അതിന്റെ അളവനുസരിച്ച് നമ്മുടെ കുരുക്കുകളും ബന്ധനങ്ങളും അഴിയപ്പെടും. അപ്പോൾ നാം അവിടുത്തെ അമ്മയായ പരിശുദ്ധ കന്യകാമറിയത്തിന്റെ ചാരെ ആയിരിക്കും. (1 സ്വർഗ്ഗ...., 10 നന്മനിറഞ്ഞ...., 1 ത്രിത്വസ്തുതി ചൊല്ലുക.

## കുരുക്കുകൾ അഴിക്കുന്ന പരിശുദ്ധ കന്യകാമറിയത്തോടുള്ള പ്രാർത്ഥന

ദൈവീകസാന്നിദ്ധ്യം പൂർണ്ണമായും നിറഞ്ഞു നിൽക്കുന്ന പരിശുദ്ധ കന്യകാമറിയമേ, അമ്മയുടെ ജീവിതകാലം മുഴുവൻ അമ്മ വളരെയധികം എളിമയോടുകൂടി പിതാവായ ദൈവത്തിന്റെ ഹിതവും അങ്ങയുടെ പുത്രനും ഞങ്ങളുടെ നാഥനുമായ കർത്താവ് ഈശോമിശിഹായുടെ മാതൃത്വവും സ്വീകരിച്ചുവല്ലോ. തിന്മയൊരിക്കലും ആശയക്കുഴപ്പത്താൽ അങ്ങയെ കുടുക്കുവാനോ, അകപ്പെടുത്തുവാനോ ധൈര്യപ്പെട്ടിട്ടില്ല. കാനായിലെ കല്ല്യാണ വിരുന്നിൽ അങ്ങ് മാദ്ധ്യസ്ഥ്യം വഹിച്ചതുപോലെ ഞങ്ങളുടെ ബുദ്ധിമുട്ടുകളിലും, ക്ളേശങ്ങളിലും അങ്ങ് മാദ്ധ്യസ്ഥ്യം വഹിച്ചിട്ടുണ്ട്. സങ്കീർണ്ണമായ ഞങ്ങളുടെ ജീവിതത്തിൽ ഉണ്ടാകുന്ന കുരുക്കുകൾ ലാളിത്യത്തോടും ക്ഷമയോടും കൂടി അഴിച്ചുമാറ്റുവാനുള്ള മാതൃക അമ്മ ഞങ്ങൾക്ക് കാണിച്ചുതന്നിട്ടുമുണ്ട്. നിത്യവും ഞങ്ങളുടെ അമ്മയായിരുന്നുകൊണ്ട് ദൈവവുമായി ഒന്നുചേരുവാനുള്ള പാത ഞങ്ങൾക്ക് വ്യക്തമാക്കി ഒരുക്കിത്തരുകയും ചെയ്യുന്നത് അമ്മ തന്നെയാണ്. പരിശുദ്ധ അമ്മേ, ഞങ്ങളുടെ അമ്മയായ ദൈവമാതാവേ, അമ്മയുടെ മാതൃഹൃദയത്താൽ ഞങ്ങളെ ബുദ്ധിമുട്ടിക്കുന്ന ജീവിതക്കുരുക്കുകളെ അഴിച്ച് മാറ്റേണമെ. ഞങ്ങളുടെ ഈ അപേക്ഷ (ആവശ്യം പറയുക) അമ്മയുടെ തൃക്കരങ്ങളിൽ സ്വീകരിച്ച് ഞങ്ങളെ നിയന്ത്രിച്ചു കൊണ്ടിരിക്കുന്ന ആശയക്കുഴപ്പങ്ങളെ ബന്ധനത്തിൽനിന്ന് വിടുതൽ വാങ്ങിത്തരേണമെ. അനുഗ്രഹീതയായ അമ്മേ, അമ്മയുടെ കൃപയാലും മാതൃകയാലും മാദ്ധ്യസ്ഥത്താലും തിന്മയിൽനിന്ന് വിടുതലും, ദൈവവുമായി ഒന്നുചേരുന്നതിൽ നിന്ന് ഞങ്ങളെ അകറ്റുന്ന കുരുക്കുകൾ അഴിച്ചുകളയുകയും ചെയ്യേണമെ. അപ്രകാരം തെറ്റുകളിൽ നിന്നും ആശയക്കുഴപ്പങ്ങഴിൽ നിന്നും ഞങ്ങൾ സ്വതന്ത്രരാവുകയും എല്ലാക്കാര്യങ്ങളിലും ദൈവത്തെ ദർശിക്കുവാനും ഹൃദയത്തിൽ സൂക്ഷിക്കുവാനും ഞങ്ങളുടെ സഹോദരരിലൂടെ അങ്ങയെ ശുശ്രൂഷിക്കുവാനും ഇടയാകണമെ. ദൈവമാതാവേ, ഞങ്ങളുടെ ഉപദേഷ്ടാവായിരുന്ന് അമ്മ ഞങ്ങൾക്കുവേണ്ടി പ്രാർത്ഥിക്കേണമെ. ആമ്മേൻ.

യേശുവിന്റെ അമ്മേ ഞങ്ങൾക്കുവേണ്ടി അപേക്ഷിക്കേണമെ (മൂന്നു പ്രാവശ്യം പറയുക).

## എട്ടാം ദിവസം

യേശു തന്റെ അമ്മയും താൻ സ്നേഹിച്ച ശിഷ്യനും അടുത്തുനിൽക്കുന്നതുകണ്ട് അമ്മയോട് പറഞ്ഞു. സ്ത്രീയെ, ഇതാ നിന്റെ മകൻ. അനന്തരം അവൻ ആ ശിഷ്യനോട് പറഞ്ഞു; ഇതാ, നിന്റെ അമ്മ. അപ്പോൾ മുതൽ ആ ശിഷ്യൻ അവളെ സ്വന്തം ഭവനത്തിൽ സ്വീകരിച്ചു. (യോഹന്നാൻ 19:26-27).

### നമുക്ക് ധ്യാനിക്കാം

ഈശോ തന്റെ പിതാവിന്റെ പക്കലേക്ക് മടങ്ങിപ്പോയപ്പോൾ നമ്മെയെല്ലാം തന്റെ അമ്മയുടെ സംരക്ഷണത്തിൽ ഏൽപിച്ചു. തന്റെ പ്രിയശിഷ്യനായ യോഹന്നാനോടായി 'ഇതാ നിന്റെ അമ്മ' എന്നു പറഞ്ഞപ്പോൾ അവിടുന്ന് മാനവരാശിയെ മുഴുവൻ തന്റെ അമ്മയുടെ മാതൃത്വത്തിലേക്ക് ഏൽപ്പിച്ചുകൊടുക്കുകയാണ് ചെയ്തത്. അമ്മ നമ്മുടെ അഭിഭാഷകയും, സഹായകയും, വരപ്രസാദ മദ്ധ്യസ്ഥയും, ഉപകാരിയും ആയിരിക്കും. കർത്താവിന്റെ ദാസിയായ പരിശുദ്ധഅമ്മ തന്റെ മാദ്ധ്യസ്ഥം വഴിയായി നമ്മെ ബാധിച്ചിരിക്കുന്ന അസ്വാതന്ത്ര്യത്തിന്റെ അവസാനത്തെ കുരുക്കും അഴിച്ചുകളഞ്ഞ് പൂർണ്ണ സ്വാതന്ത്ര്യം വാങ്ങിത്തരുകയും ചെയ്യും.
(1 സ്വർഗ്ഗ...., 10 നന്മനിറഞ്ഞ...., 1 ത്രിത്വസ്തുതി ചൊല്ലുക.

### കുരുക്കുകൾ അഴിക്കുന്ന പരിശുദ്ധ കന്യകാമറിയത്തോടുള്ള പ്രാർത്ഥന

ദൈവീകസാന്നിദ്ധ്യം പൂർണ്ണമായും നിറഞ്ഞു നിൽക്കുന്ന പരിശുദ്ധ കന്യകാമറിയമേ, അമ്മയുടെ ജീവിതകാലം മുഴുവൻ അമ്മ വളരെയധികം എളിമയോടുകൂടി പിതാവായ ദൈവത്തിന്റെ ഹിതവും അങ്ങയുടെ പുത്രനും ഞങ്ങളുടെ നാഥനുമായ കർത്താവ് ഈശോമിശിഹായുടെ മാതൃത്വവും സ്വീകരിച്ചുവല്ലോ. തിന്മയൊരിക്കലും ആശയക്കുഴപ്പത്താൽ അങ്ങയെ കുടുക്കുവാനോ, അകപ്പെടുത്തുവാനോ ധൈര്യപ്പെട്ടിട്ടില്ല. കാനായിലെ കല്ല്യാണ വിരുന്നിൽ അങ്ങ് മാദ്ധ്യസ്ഥ്യം വഹിച്ചതുപോലെ ഞങ്ങളുടെ ബുദ്ധിമുട്ടുകളിലും, ക്ളേശങ്ങളിലും അങ്ങ് മാദ്ധ്യസ്ഥ്യം വഹിച്ചിട്ടുണ്ട്. സങ്കീർണ്ണമായ ഞങ്ങളുടെ ജീവിതത്തിൽ ഉണ്ടാകുന്ന കുരുക്കുകൾ ലാളിത്യത്തോടും ക്ഷമയോടും കൂടി അഴിച്ചുമാറ്റുവാനുള്ള മാതൃക അമ്മ ഞങ്ങൾക്ക്

കാണിച്ചുതന്നിട്ടുമുണ്ട്. നിത്യവും ഞങ്ങളുടെ അമ്മയായിരുന്നുകൊണ്ട് ദൈവവുമായി ഒന്നുചേരുവാനുള്ള പാത ഞങ്ങൾക്ക് വ്യക്തമാക്കി ഒരുക്കിത്തരുകയും ചെയ്യുന്നത് അമ്മ തന്നെയാണ്. പരിശുദ്ധ അമ്മേ, ഞങ്ങളുടെ അമ്മയായ ദൈവമാതാവേ, അമ്മയുടെ മാതൃഹൃദയത്താൽ ഞങ്ങളെ ബുദ്ധിമുട്ടിക്കുന്ന ജീവിതക്കുരുക്കുകളെ അഴിച്ച് മാറ്റേണമെ. ഞങ്ങളുടെ ഈ അപേക്ഷ (ആവശ്യം പറയുക) അമ്മയുടെ തൃക്കരങ്ങളിൽ സ്വീകരിച്ച് ഞങ്ങളെ നിയന്ത്രിച്ചു കൊണ്ടിരിക്കുന്ന ആശയക്കുഴപ്പങ്ങളെ ബന്ധനത്തിൽനിന്ന് വിടുതൽ വാങ്ങിത്തരേണമെ. അനുഗ്രഹീതയായ അമ്മേ, അമ്മയുടെ കൃപയാലും മാതൃകയാലും മാദ്ധ്യസ്ഥത്താലും തിന്മയിൽനിന്ന് വിടുതലും, ദൈവവുമായി ഒന്നുചേരുന്നതിൽ നിന്ന് ഞങ്ങളെ അകറ്റുന്ന കുരുക്കുകൾ അഴിച്ചുകളയുകയും ചെയ്യേണമെ. അപ്രകാരം തെറ്റുകളിൽ നിന്നും ആശയക്കുഴപ്പങ്ങഴിൽ നിന്നും ഞങ്ങൾ സ്വതന്ത്രരാവുകയും എല്ലാക്കാര്യങ്ങളിലും ദൈവത്തെ ദർശിക്കുവാനും ഹൃദയത്തിൽ സൂക്ഷിക്കുവാനും ഞങ്ങളുടെ സഹോദരരിലൂടെ അങ്ങയെ ശുശ്രൂഷിക്കുവാനും ഇടയാകണമെ. ദൈവമാതാവേ, ഞങ്ങളുടെ ഉപദേഷ്ടാവായിരുന്ന് അമ്മ ഞങ്ങൾക്കുവേണ്ടി പ്രാർത്ഥിക്കേണമെ. ആമ്മേൻ.

ഈശോയുടെ അമ്മേ, ക്രിസ്ത്യാനികളുടെ സഹായമെ ഞങ്ങൾക്കുവേണ്ടി അപേക്ഷിക്കേണമെ. (മൂന്നു പ്രാവശ്യം പറയുക).

## ഒൻപതാം ദിവസം

ഇവർ ഏകമനസ്സോടെ യേശുവിന്റെ അമ്മയായ മറിയത്തോടും മറ്റു സ്ത്രീകളോടും അവന്റെ സഹോദരരോടും ഒപ്പം പ്രാർത്ഥനയിൽ മുഴുകിയിരുന്നു (അപ്പോസ്തോല പ്രവർത്തനങ്ങൾ 1/4). പെന്തക്കോസ്താ ദിവസം സമാഗതമായപ്പോൾ അവരെല്ലാവരും ഒരുമിച്ച് കൂടി ഇരിക്കുകയായിരുന്നു. കൊടുങ്കാറ്റടിക്കുന്നതുപോലെയുള്ള ഒരു ശബ്ദം പെട്ടെന്ന് ആകാശത്തുനിന്നും ഉണ്ടായി. അത് അവർ സമ്മേളിച്ചിരുന്ന വീടുമുഴുവൻ നിറഞ്ഞു. അഗ്നിജ്വാലകൾ പോലുള്ള നാവുകൾ തങ്ങൾ ഓരോരുത്തരുടെയുംമേൽ വന്നു നിൽക്കുന്നതായി അവർ കണ്ടു. അവരെല്ലാവരും പരിശുദ്ധാത്മാവിനാൽ നിറഞ്ഞു (അപ്പോസ്തോല പ്രവർത്തനങ്ങൾ 1/4).

### നമുക്ക് ധ്യാനിക്കാം

നമ്മുടെ വിശ്വാസത്തിൽ നമ്മെ പോഷിപ്പിക്കുവാനും സംരക്ഷിക്കുവാനും വേണ്ടിയാണ് പിതാവായ ദൈവം പെന്തക്കോസ്താ നാളിൽ പരിശുദ്ധാത്മാവിനെ അയച്ചത്. പരിശുദ്ധ അമ്മയുടെ മാതൃസഹായമവഴി ഇതേ വിശ്വാസംമൂലം ബന്ധനാവസ്ഥകളിൽനിന്നും അമ്മ നമ്മെ മോചിപ്പിക്കും. നമുക്കുണ്ടാകുന്ന മാനസികവേദനകൾ എപ്രകാരമാണ് നമ്മുടെ ആത്മാവിനെ കെണിയിലാക്കിയിരിക്കുന്നതെന്ന് പരിശുദ്ധാത്മാവ് നൽകുന്ന പ്രകാശത്താൽ നമുക്ക് നിശ്ചയമായി ലഭിക്കും. വിശുദ്ധ ഗബ്രിയേൽ നമ്മുടെ സ്വാതന്ത്ര്യത്തെ പ്രഖ്യാപിക്കുകയും വിശുദ്ധ മിഖായേൽ നമ്മെ പൈശാചികസക്തികളുടെ ആക്രമണത്തിൽനിന്നും സംരക്ഷിക്കുകയും ചെയ്യും. പരിശുദ്ധ അമ്മയുടെ സാന്നിദ്ധ്യംമൂലം കീഴടങ്ങിയ ദുഷ്ടസർപ്പം (സാത്താൻ) നമ്മെ ഉപദ്രവിക്കാൻ കഴിയാതെ അവളുടെ പാദത്തിൻകീഴിൽ പ്രയോജനശൂന്യമായ ഒരു കുരുക്കായി ഇപ്പോൾ കിടക്കുന്നു. (1 സ്വർഗ്ഗ...., 10 നന്മനിറഞ്ഞ...., 1 ത്രിത്വസ്തുതി ചൊല്ലുക.

### കുരുക്കുകൾ അഴിക്കുന്ന പരിശുദ്ധ കന്യകാമറിയത്തോടുള്ള പ്രാർത്ഥന

ദൈവീകസാന്നിദ്ധ്യം പൂർണ്ണമായും നിറഞ്ഞു നിൽക്കുന്ന പരിശുദ്ധ കന്യകാമറിയമേ, അമ്മയുടെ ജീവിതകാലം മുഴുവൻ അമ്മ വളരെയധികം എളിമയോടുകൂടി പിതാവായ ദൈവത്തിന്റെ ഹിതവും അങ്ങയുടെ പുത്രനും ഞങ്ങളുടെ നാഥനുമായ കർത്താവ് ഈശോമിശിഹായുടെ മാതൃത്വവും സ്വീകരിച്ചുവല്ലോ. തിന്മയൊരിക്കലും ആശയക്കുഴപ്പത്താൽ അങ്ങയെ കുടുക്കുവാനോ, അകപ്പെടുത്തുവാനോ ധൈര്യപ്പെട്ടിട്ടില്ല. കാനായിലെ കല്യാണ വിരുന്നിൽ അങ്ങ് മാദ്ധ്യസ്ഥ്യം വഹിച്ചതുപോലെ ഞങ്ങളുടെ ബുദ്ധിമുട്ടുകളിലും, ക്ളേശങ്ങളിലും അങ്ങ് മാദ്ധ്യസ്ഥ്യം വഹിച്ചിട്ടുണ്ട്. സങ്കീർണ്ണമായ ഞങ്ങളുടെ ജീവിതത്തിൽ ഉണ്ടാകുന്ന കുരുക്കുകൾ ലാളിത്യത്തോടും ക്ഷമയോടും കൂടി അഴിച്ചുമാറ്റുവാനുള്ള മാതൃക അമ്മ ഞങ്ങൾക്ക് കാണിച്ചുതന്നിട്ടുമുണ്ട്. നിത്യവും ഞങ്ങളുടെ അമ്മയായിരുന്നുകൊണ്ട് ദൈവവുമായി

ഒന്നുചേരുവാനുള്ള പാത ഞങ്ങൾക്ക് വ്യക്തമാക്കി ഒരുക്കിത്തരുകയും ചെയ്യുന്നത് അമ്മ തന്നെയാണ്. പരിശുദ്ധ അമ്മേ, ഞങ്ങളുടെ അമ്മയായ ദൈവമാതാവേ, അമ്മയുടെ മാതൃഹൃദയത്താൽ ഞങ്ങളെ ബുദ്ധിമുട്ടിക്കുന്ന ജീവിതക്കുരുക്കുകളെ അഴിച്ചു മാറ്റേണമെ. ഞങ്ങളുടെ ഈ അപേക്ഷ (ആവശ്യം പറയുക) അമ്മയുടെ തൃക്കരങ്ങളിൽ സ്വീകരിച്ച് ഞങ്ങളെ നിയന്ത്രിച്ചു കൊണ്ടിരിക്കുന്ന ആശയക്കുഴപ്പങ്ങളെ ബന്ധനത്തിൽനിന്ന് വിടുതൽ വാങ്ങിത്തരേണമെ. അനുഗ്രഹീതയായ അമ്മേ, അമ്മയുടെ കൃപയാലും മാതൃകയാലും മാദ്ധ്യസ്ഥത്താലും തിന്മയിൽനിന്ന് വിടുതലും, ദൈവവുമായി ഒന്നുചേരുന്നതിൽ നിന്ന് ഞങ്ങളെ അകറ്റുന്ന കുരുക്കുകൾ അഴിച്ചുകളയുകയും ചെയ്യേണമെ. അപ്രകാരം തെറ്റുകളിൽ നിന്നും ആശയക്കുഴപ്പങ്ങളിൽ നിന്നും ഞങ്ങൾ സ്വതന്ത്രരാവുകയും എല്ലാക്കാര്യങ്ങളിലും ദൈവത്തെ ദർശിക്കുവാനും ഹൃദയത്തിൽ സൂക്ഷിക്കുവാനും ഞങ്ങളുടെ സഹോദരരിലൂടെ അങ്ങയെ ശുശ്രൂഷിക്കുവാനും ഇടയാകണമെ. ദൈവമാതാവേ, ഞങ്ങളുടെ ഉപദേഷ്ടാവായിരുന്ന് അമ്മ ഞങ്ങൾക്കുവേണ്ടി പ്രാർത്ഥിക്കേണമെ. ആമ്മേൻ.

ഈശോയുടെ അമ്മേ, ക്രിസ്ത്യാനികളുടെ സഹായമെ ഞങ്ങൾക്കുവേണ്ടി അപേക്ഷിക്കേണമെ. (മൂന്നു പ്രാവശ്യം പറയുക).

### കുരുക്കുകളഴിക്കുന്ന അമ്മയോടുള്ള പ്രാർത്ഥനാഗാനം

(ഈ ഗാനം 'അമ്മയ്ക്കൊരു കാണിക്ക' എന്ന ഭക്തിഗാനം സി. ഡി. യിൽ ഉൾപ്പെടുത്തിയിട്ടുണ്ട്)

ത്രിലോക റാണിയാം മേരിയമ്മേ - സർവ്വ
മാലാഖമാർക്കെന്നും രാജ്ഞിയമ്മേ
സ്വർഗ്ഗാധിസ്വർഗ്ഗീയ വൃന്ദങ്ങളോടൊപ്പം
ഞങ്ങളുമമ്മയെ വാഴ്ത്തിടുന്നു.
ഭീതി, നിരാശ, കുടുംബത്തകർച്ചകൾ
രോഗം, വിഷാദമാം ബന്ധനങ്ങൾ
വിട്ടുമാറാത്തതാം ദുഷ്ടത്തഴക്കത്തിൻ
കുരുക്കുകൾ ഞങ്ങളെ ചുറ്റിടുന്നു...
മാനസവ്യാധികൾ, ഞാനെന്ന ഭാവങ്ങ
ളാകുല ചിന്തകളേകീടുവാൻ
ദുഷ്ടത തിങ്ങുമരൂപികൾ ഞങ്ങൾക്കു
ചുറ്റുമായ് വൻകെണി തീർത്തിടുന്നു
ഞങ്ങളെ ചുറ്റിപ്പിണഞ്ഞു കിടക്കും
കുരുക്കുകളെല്ലാമഴിക്കേണമേ
നിൻ തൃക്കരങ്ങളാൽ താങ്ങി നീ ഞങ്ങളെ
പുത്രനാമീശോയിൽ ചേർക്കേണമേ.

### ഭ്രൂണഹത്യയിൽ നിന്നും കുഞ്ഞുങ്ങളെ രക്ഷിക്കുവാൻ വേണ്ടിയുള്ള പ്രാർത്ഥന
### (Prayer to save children from abortion by Bishop Fulton J. Sheen)

'ഈശോ, മറിയം, ഔസേപ്പേ ഞാൻ നിങ്ങളെ അത്യധികമായി സ്നേഹിക്കുന്നു. ഞാൻ ആത്മീയമായി ദത്തെടുത്തിരിക്കുന്ന ഗർഭസ്ഥശിശുവിന്റെ ജീവൻ ഭ്രൂണഹത്യയിൽ നിന്നും രക്ഷിക്കണമെന്ന് ഞാൻ നിങ്ങളോട് യാചിക്കുന്നു.'

ദിവസവും പത്തുപ്രാവശ്യം ഈ പ്രാർത്ഥന ചൊല്ലി, പത്ത് കുഞ്ഞുങ്ങളെ ആത്മീയമായി ദത്തെടുക്കുക. നിങ്ങൾ ആത്മീയമായി ദത്തെടുത്തിരിക്കുന്ന ഈ കുഞ്ഞുങ്ങളെ അമ്മയുടെ ഉദരത്തിലായിരിക്കുന്ന പത്തു മാസവും, ഈ പ്രാർത്ഥന ചൊല്ലുക. എങ്കിൽ നിങ്ങൾക്ക് ആ കുഞ്ഞുങ്ങളെ രക്ഷിക്കാൻ സാധിക്കും. നിങ്ങൾ ദൈവസന്നിധിയിൽ ചെല്ലുമ്പോൾ ആ കുഞ്ഞുങ്ങളെ കാണുവാനും സാധിക്കും.

## കുരുക്കുകൾ അഴിക്കുന്ന പരി. അമ്മയോടുള്ള നൊവേനയെക്കുറിച്ച്

പരിശുദ്ധ അമ്മ നൽകിയ ഒരു പ്രസിദ്ധമായ ദർശനത്തിൽ ഇപ്രകാരം വെളിപ്പെടുത്തി. 'പ്രാർത്ഥനയിലൂടെ ഏറ്റവും വലിയ ആനന്ദം നിങ്ങൾ അനുഭവിച്ചറിയും. അതുപോലെ പുറത്തു കടക്കുവാൻ കഴിയാത്ത എല്ലാ സാഹചര്യങ്ങഴിലും വഴി തുറന്നു കിട്ടുകയും ചെയ്യും.' പുറത്തു കടക്കുവാൻ കഴിയാത്ത വിധം ചില പ്രശ്നങ്ങളിൽ സാധാരണയായി നാം അകപ്പെട്ടു പോകാറുണ്ട്. ഇതിൽ നിന്നും ഒരിക്കലും പുറത്തു കടക്കുവാൻ സാധിക്കുകയില്ല എന്നു നാം വിചാരിച്ചേക്കാം. ഇവിടെയാണ് കുരുക്കുകൾ അഴിക്കുന്ന പരി. അമ്മയിലൂടെ ഈശോ വഴിയായി സഹായം തേടേണ്ടതിന്റെ പ്രസക്തി.

A. D. 1700 മുതൽ ജർമനിയിലെ പെർലാക്ക് എന്ന സ്ഥലത്തുള്ള ദേവാലയത്തിൽ പരി. അമ്മയുടെ ആകർഷകമായ ഒരു ചിത്രം ആദരവോടെ സൂക്ഷിക്കപ്പെട്ടിരിക്കുന്നു. വി. ഇരണാവൂസിന്റെ (St.Irenius) ധ്യാനത്തിൽ നിന്നും ഉരുത്തിരിഞ്ഞ ഒരു ആശയത്തിൽ നിന്നാണ് ഈ ചിത്രം രചിക്കാനിടയായത് എന്ന് പറയപ്പെടുന്നു. അതായത് ഹവ്വാ തന്റെ അനുസരണക്കേടും അഹങ്കാരവും മൂലം മാനവരാശിയുടെ അധ:പതനത്തിനു കാരണമായ ഒരു കുരുക്ക് തീർത്തുവെങ്കിൽ രണ്ടാം ഹവ്വയായ പരി. മറിയം തന്റെ അനുസരണവും, എളിമയും മൂലം ആ കുരുക്ക് അഴിച്ചു കളഞ്ഞു. ഇതേ ആശയത്തിൽ നിന്നാണ് ഈ നൊവേന രൂപമെടുത്തത്.

ഈ ചിത്രത്തിൽ പരി. അമ്മയുടെ ചുറ്റും മാലാഖമാരെ കാണാം. അമ്മയുടെ പാദത്തിൻ കീഴിൽ നമ്മെ കെണിയിലാക്കുന്ന സർപ്പം (സാത്താൻ) കിടക്കുന്നു. എന്നാൽ പരി. അമ്മയുടെ മുമ്പാകെ ഈ കുരുക്കുകളെ (പ്രശ്നത്തെ) സമർപ്പിച്ചു പ്രാർത്ഥിക്കുമ്പോൾ അമ്മ ആ കുരുക്കുകൾ അഴിച്ചു കളയുകയും അതുവഴി ആ കുരുക്ക് സർപ്പത്തിന്റെ മേൽ തന്നെ വീഴുകയും ചെയ്യും. ചിത്രത്തിൽ ഒരു മാലാഖ നമ്മുടെ ജീവിതമാകുന്ന കുരുക്കുകൾ നിറഞ്ഞ ഒരു നാട (ചരട്) പരി. അമ്മയെ ഏൽപ്പിക്കുന്നതായും കാണാം. കുടുംബ ജീവിതത്തിലാണെങ്കിൽ ഭാര്യാ ഭർത്താക്കമാർക്കിടയിലുള്ള ആഴമായ മുറിവുകൾ, നീരസങ്ങൾ, പാപപ്രവൃത്തി ചെയ്യാനുള്ള പ്രവണതകൾ, കുടുംബത്തിൽ സമാധാനമില്ലായ്മ, ലഹരി വസ്തുക്കളോടുള്ള ആകർഷണം, മദ്യപാനം, ഭയം, നിരാശ, ജോലിയില്ലാത്ത അവസ്ഥ തുടങ്ങിയ പ്രശ്നങ്ങളിൽ അകപ്പെടുമ്പോൾ കുരുക്കുകൾ അഴിക്കുന്ന അമ്മയിലൂടെ ഈശോ നമുക്ക് നിശ്ചയമായും സഹായകനായി മാറും.

സാറായെ കണ്ടെത്തുവാനായി തോബിയാസിനെ അനുധാവനം ചെയ്തു റാഫേൽ മാലാഖയെപ്പോലെ ലോകാന്ധകാരത്തിൽ ഉഴലുന്ന ഒരു വ്യക്തിയെ ഈ ചിത്രത്തിൽ കാണാം. സാറായ്ക്ക് സന്തോഷം മുടക്കിയിരുന്ന ഒരു കുരുക്ക് റാഫേൽ മാലാഖയുടെ മദ്ധ്യസ്ഥതയാൽ അഴിക്കപ്പെടുകയും ദൈവം അവരെ ഒന്നിപ്പിക്കുകയും ചെയ്തു. ഇതുപോലെ മേല്പറഞ്ഞ വ്യക്തി തന്റെ കുരുക്കുകളെ മാലാഖ വഴി പരി. അമ്മയെ ഏല്പിക്കുന്നതും, അമ്മ ആ കുരുക്ക് അഴിച്ചു കളയുവാൻ സഹായിക്കുന്നതും ചിത്രത്തിലൂടെ വ്യക്തമാകുന്നു. ഈ നൊവേന ഇപ്പോൾ പതിനേഴ ഭാഷകളിലായി ലോകത്തിന്റെ വിവിധ ഭാഗങ്ങളിൽ പ്രചരിപ്പിക്കപ്പെടുന്നു.

+++